**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2314** **30-09-2025 - ൽ മറുപടിയ്ക്ക്**

**ആയുർവേദ ഔഷധസസ്യങ്ങൾ സംരക്ഷിക്കുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ,<br>ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീ എം മുകേഷ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് അന്യം നിന്നുപോകുന്ന ആയുർവേദ ഔഷധ സസ്യങ്ങൾ സംരക്ഷിക്കുന്നതിനും ആയുർവേദ സസ്യങ്ങളുടെ ദൗർലഭ്യം പരിഹരിക്കുന്നതിനും എന്തെല്ലാം പദ്ധതികളാണ് ഈ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതെന്ന് വിശദമാക്കാമോ; | (എ) | വ്യാവസായിക പ്രാധാന്യമുള്ളതും അന്യം നിന്ന് പോകുന്നതുമായ ഔഷധ സസ്യങ്ങളുടെ സംരക്ഷണത്തിനും,കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടി ഔഷധസസ്യ ബോർഡ് സംസ്ഥാനത്ത് വിവിധങ്ങളായ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. ഔഷധസസ്യങ്ങളുടെ സംരക്ഷണം ഉറപ്പുവരുത്തുന്നതിനായി സർക്കാർ സർക്കാരിതര സ്ഥാപനങ്ങളിലായി 10 ഓളം ഔഷധസസ്യ ഉദ്യാനങ്ങൾ പൂർത്തീകരിക്കുകയും, 27 വിദ്യാലയങ്ങളിൽ ഔഷധസസ്യ ഉദ്യാനങ്ങൾ നിർമ്മിക്കുകയും ഔഷധസസ്യ സംരക്ഷണവും, ഔഷധ സസ്യങ്ങളെകുറിച്ചുള്ള ബോധവത്കരണവും നടപ്പിലാക്കി വരികയും ചെയ്യുന്നുണ്ട്.<br><br>ഔഷധിയുടെ കുട്ടനെല്ലൂർ ഫാക്ടറിയോട് അനുബന്ധിച്ചുള്ള ഭൂമിയിലും, കണ്ണൂർ ജില്ലയിലെ പരിയാരത്ത് പാട്ടത്തിന് അനുവദിച്ചിട്ടുള്ള ഭൂമിയിലും ഗണ്യമായ തോതിൽ കേന്ദ്ര-സംസ്ഥാന ഔഷധ സസ്യ ബോർഡുകളുടെ ധന സഹായത്തോടെ വിവിധ പ്രോജക്ടുകളിലായി വിപുലമായ തോതിൽ ഔഷധസസ്യ കൃഷിയും നടത്തി വരുന്നുണ്ട്. ഏകദേശം 70 ഏക്കറോളം സ്ഥലം ഇത്തരത്തിൽ ഔഷധസസ്യ കൃഷിക്കായും, ഔഷധ സസ്യ നഴ്സറി, ഡെമോൺസ്ട്രേഷൻ ഗാർഡൻ, ഔഷധ സസ്യവിജ്ഞാന വ്യാപന കേന്ദ്രം തുടങ്ങിയവയുടെ സജ്ജീകരണത്തിനുമായും ഉപയോഗപ്പെടുത്തി വരുന്നുണ്ട്. ടി ഭൂമിയിൽ ഔഷധ ഗുണമുള്ള മുപ്പതിനായിരത്തിൽപ്പരം മരങ്ങൾ/ ഔഷധ സസ്യങ്ങൾ പരിപാലിച്ചു വരുന്നുണ്ട്. ഇതോടോനുബന്ധിച്ചുള്ള ഔഷധ സസ്യ നഴ്സറികളിൽ ഒരു ലക്ഷത്തോളം ഔഷധസസ്യങ്ങൾ മിതമായ നിരക്കിൽ സ്കൂൾ/ കോളജ് വിദ്യാർത്ഥികൾ, സർക്കാർ |

| | | | |
|---|---|---|---|
| | | | സ്ഥാപനങ്ങൾ, സന്നദ്ധസംഘടനകൾ, ക്ലബുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി വിതരണം നടത്തി വരുന്നുണ്ട്.<br><br>സംസ്ഥാന സർക്കാരിന്റെ ഹരിത കേരളം അടക്കമുള്ള വിവിധ പ്രോജക്ടുകളിലേക്കായും അന്താരാഷ്ട്ര ആയുർവേദ ഗവേഷണ കേന്ദ്രത്തിന്റെ പദ്ധതി പ്രദേശത്തേക്കും ഔഷധ സസ്യങ്ങൾ ഔഷധി ഉത്പാദിപ്പിച്ച് നൽകുന്നുണ്ട്.<br><br>ഔഷധസസ്യങ്ങളെക്കുറിച്ച് ഭാവി തലമുറയ്ക്കിടയിൽ അവബോധം വളർത്തുന്നതിനായി "ഔഷധസസ്യ വിജ്ഞാന വ്യാപന കേന്ദ്ര" മെന്ന നിലയിൽ ഔഷധസസ്യങ്ങളുടെ പ്രദർശന തോട്ടവും ഔഷധി സജ്ജീകരിച്ചിട്ടുണ്ട്. |
| (ബി) | മെഡിസിനൽ പ്ലാന്റ് ബോർഡിന്റെ സഹായത്തോടെ സംസ്ഥാനത്ത് എത്ര ഔഷധസസ്യ നഴ്സറികളും ഗവേഷണ സ്ഥാപനങ്ങളും പ്രവർത്തിക്കുന്നുണ്ടെന്ന് അറിയിക്കാമോ; | (ബി) | ഗുണമേന്മയുള്ള ഔഷധസസ്യങ്ങളുടെ തൈകൾ ലഭ്യമാക്കുന്നതിനായി സംസ്ഥാനത്ത് 5 മാതൃക നഴ്സറികളും, 5 ചെറുകിട നഴ്സറികളും ഔഷധസസ്യ ബോർഡിന്റെ സാമ്പത്തിക സഹായത്തോടെ പ്രവർത്തിച്ച വരുന്നുണ്ട്. മലബാർ ബൊട്ടാണിക്കൽ ഗാർഡൻ ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ പ്ലാന്റ് സയൻസ്, കേരള വനഗവേഷണ കേന്ദ്രം, ആയുർവേദ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, കേരള യൂണിവേഴ്സിറ്റി ബോട്ടണി ഡിപ്പാർട്മെന്റ്, കേരള അഗ്രികൾച്ചർ യൂണിവേഴ്സിറ്റി, എന്നീ ഗവേഷണ സ്ഥാപനങ്ങൾക്ക് വിവിധ പദ്ധതികൾക്കായി ഔഷധ സസ്യബോർഡ് ഫണ്ടുകൾ നൽകിയിട്ടുണ്ട്. |
| (സി) | ഔഷധ സസ്യങ്ങളുടെ ശേഖരണം, കൃഷി, വിതരണം എന്നിവ വിപുലപ്പെടുത്തുന്നതിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് വിശദമാക്കുമോ; | (സി) | കർഷകർ ഉത്പാദിപ്പിക്കുന്ന ഔഷധ സസ്യങ്ങൾ ശേഖരിക്കുന്നതിനും ഉണക്കി സൂക്ഷിക്കുന്നതിനുമായി ഇടുക്കി, കോഴിക്കോട്, തൃശ്ശൂർ ജില്ലകളായി 4 സംഭരണകേന്ദ്രങ്ങളും, 4 ഉണക്ക്പുരകളും 3ശേഖരണ കേന്ദ്രങ്ങളും അനുവദിച്ചിട്ടുണ്ട്.<br><br>ഔഷധി 2023ൽ ഉദ്ദേശം 4 ഹെക്ടർ ഭൂമിയിലും 2024 ൽ ഉദ്ദേശം 3.25 ഹെക്ടർ ഭൂമിയിലും ഔഷധ സസ്യ കൃഷി വ്യാപിപ്പിച്ചിട്ടുണ്ട്. ഈ വർഷം 5 ഹെക്ടർ ഭൂമിയിലേക്ക് കൂടി കൃഷി വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) | ഔഷധ സസ്യങ്ങളുടെ വിത്തുകൾ ശേഖരിക്കുന്നതിനും കർഷകർക്ക് സമയബന്ധിതമായി വിതരണം ചെയ്യുന്നതിനും വിത്തുസംഭരണ വിതരണ കേന്ദ്രങ്ങൾ നിലവിലുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ; | (ഡി) | ഔഷധ സസ്യങ്ങളുടെ വിത്തുകളുടെ ലഭ്യത ഉറപ്പ വരുത്തുന്നതിനും കർഷകർ ശേഖരിക്കുന്ന വിത്തുകൾസൂക്ഷിക്കുന്നതിനുമായി രണ്ട് വിത്ത് സംഭരണ കേന്ദ്രങ്ങൾക്ക് (ഫോറസ്റ്റി കോളേജ്, തൃശ്ശൂർ, കേരള |

| | | | |
|---|---|---|---|
| | | | സർവകലാശാല ബോട്ടണി ഡിപ്പാർട്ട്മെന്റ്, തിരുവനന്തപുരം) ഔഷധ സസ്യ ബോർഡ് ധനസഹായം നൽകിയിട്ടുണ്ട്. |
| (ഇ) | ആയുർവേദ മേഖലയിലെ സ്ഥാപനങ്ങൾ, അഭ്യുദയകാംക്ഷികൾ, സന്നദ്ധസംഘടനകൾ, സഹകരണ സ്ഥാപനങ്ങൾ തുടങ്ങിയവയുമായി ചേർന്ന് ആയുർവേദ ഔഷധ കൃഷി വ്യാപകമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഇ) | സംസ്ഥാനത്ത് ഔഷധസസ്യ കൃഷി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി കർഷകർ, കർഷക സംഘങ്ങൾ, കുടുംബശ്രീ യൂണിറ്റുകൾ, സഹകരണ സംഘങ്ങൾ എന്നിവരിലൂടെ ഔഷധനിർമ്മാതാക്കളുമായി മുൻകൂട്ടി തയ്യാറാക്കിയ ധാരണാപത്രത്തിന്റെ അടിസ്ഥാനത്തിൽ 700 ൽ പരം കർഷകരിലൂടെ 800 ഹെക്ടറിൽ വിവിധങ്ങളായ ഔഷധ സസ്യങ്ങളുടെ കൃഷി നടപ്പിലാക്കിയിട്ടുണ്ട്. ആയുർവേദ ഔഷധ നിർമ്മാതാക്കളുമായി കർഷകർ കൃഷി ചെയ്തുണ്ടാക്കുന്ന ഔഷധ സസ്യങ്ങൾ വാങ്ങുന്നതിനായി 35 ഓളം ധാരണാപത്രങ്ങൾ ഒപ്പ് വച്ചിട്ടുണ്ട്. ഔഷധ സസ്യ ബോർഡിന്റെ നേതൃത്വത്തിൽ മറ്റത്തൂർ ലേബർ സൊസൈറ്റിയുമായി സഹകരിച്ചു കൊണ്ട് തൃശ്ശൂർ, ആലപ്പുഴ, കണ്ണൂർ, പാലക്കാട്, കൊല്ലം, എന്നീ ജില്ലകളായി ഏകദേശം 100 ഓളം ഹെക്ടറിൽ തൊഴിലുറപ്പ് പദ്ധതിയുമായി സഹകരിച്ചു കൊണ്ട് 2025 -26 സാമ്പത്തിക വർഷം വിപുലമായ രീതിയിൽ കുറുന്തോട്ടി കൃഷി നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ